'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്ഥാപനങ്ങളിലെ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ- വാർഡ് തല ടീമിനുള്ള ഏകദിന പരിശീലനം - മാർഗ്ഗ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.179/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/01/2020

---

പരാമർശം:- 1 സ.ഉ.(കൈ)നം.156/2019/തസ്വഭവ, തീയതി 04/12/2019

2 സ.ഉ.(കൈ)നം.9/2020/തസ്വഭവ, തീയതി 06/01/2020

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനായുള്ള നാലാം ഘട്ട പരിശീലനത്തിന്റെ സംഘാടനത്തിനും നടത്തിപ്പിനുമായി ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. പരാമർശം (2) ഉത്തരവിലെ ക്രമ നമ്പർ 3 പ്രകാരമുള്ള വാർഡ്തല പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഓരോ വാർഡിൽ നിന്നും 20 പേരുടെ ഒരോ ഗ്രൂപ്പിന് രൂപം നൽകേണ്ടതും വാർഷിക പദ്ധതി രൂപീകരണത്തോടൊപ്പം തന്നെ ദുരന്ത നിവാരണ പദ്ധതിയും രൂപീകരിക്കേണ്ടതിനാൽ പ്രസ്തുത ഗ്രൂപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ രണ്ടോ മൂന്നോ ബാച്ചുകളിലായി ഏകദിന പരിശീലനം ചുരുങ്ങിയ സമയത്തിനുള്ളിൽ സംഘടിപ്പിക്കേണ്ടതും ആയതിന്റെ സംഘാടനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതുമാണ്.

ii. പരിശീലനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾക്ക് ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. പരിശീലനത്തിന് വേണ്ടിവരുന്ന ചെലവ് ഒരു വാർഡിൽ നിന്നും 20 പേർക്ക് വീതം ഭക്ഷണം, പരിശീലന സാമഗ്രികൾ (ചെറിയ നോട്ട് പാഡ്, പേന) മറ്റു ചെലവുകൾ എന്നിവയ്ക്ക് മൊത്തം ഒരാൾക്ക് 120/- രൂപ നിരക്കിലും, റിസോഴ്സ് പേഴ്സൺ ഒരാൾക്ക് 800/- + 350/- രൂപ (ആകെ ഒരാൾക്ക് 1150/- രൂപ) നിരക്കിൽ ഒരു ബാച്ചിന് പരമാവധി 2 പേർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം തനത് ഫണ്ടിൽ നിന്നും തുക ചെലവാക്കാവുന്നതാണ്.

iii. പരിശീലന ഹാളുകളുടെ വാടക ഇനത്തിൽ പ്രത്യേക തുക അനുവദിക്കുന്നതല്ല. പരിശീലനം പൂർത്തിയായതിനുശേഷം പ്രസ്തുത ചെലവ് വിവരങ്ങളുടെ ഒറിജിനൽ വൗച്ചറുകളും, ബില്ലുകളും, ഹാജർ ലിസ്റ്റും കിലയിലേക്ക് നൽകുന്നമുറയ്ക്ക് ചെലവ് തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് കിലയിൽ നിന്നും തിരികെ അനുവദിച്ചു നൽകുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, കില
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ